# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P6/1974/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P6/1974/22 തീയ്യതി: 29/03/2023

## കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി എം ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 12-10-2022 | 18-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2022 | 18-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. റ്റി സിന്ധു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. അമ്പിളി ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജയകുമാരിഅമ്മ ജി സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അമല സെർമിയാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിനോജ്.ആർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സലിൽ എവുജിൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രശാന്തി.എസ് | അസി.സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ.ഹരികുമാർ.ആർ | അക്കൌണ്ടന്റ്(അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 10-07-2021 | 15-07-2021 |
| ശ്രീ.ജോൺ ഡെസ്മണ്ട് | അസി.സെക്രട്ടറി | 16-07-2021 | 06-01-2022 |
| ശ്രീമതി.ബിജി.ആർ | അസി.സെക്രട്ടറി | 07-01-2022 | 23-01-2022 |
| ശ്രീമതി.ഹസീന.എൻ | അസി.സെക്രട്ടറി | 24-01-2022 | 31-03-2022 |
| ശ്രീ.അബു സെയ്ദ് | അസി.എൻജിനീയർ | 01-04-2021 | 18-07-2021 |
| ശ്രീ.പ്രകാശൻ.ഡി | അസി.എൻജിനീയർ | 19-07-2021 | 31-03-2022 |
| ഡോ.ദിവ്യ ശശി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.മൃദുല .എൻ.മോഹൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 21-05-2021 |
| ഡോ.ഹരികുമാർ നമ്പൂതിരി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 22-05-2021 | 08-06-2021 |
| ഡോ.മൃദുല.എൻ. മോഹൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 09-06-2021 | 14-09-2021 |
| ഡോ.പി.ജെ.ജയ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) (അഡീഷണൽ ചാർജ്ജ്) | 15-09-2021 | 28-09-2021 |
| ഡോ.മൃദുല .എൻ.മോഹൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 29-09-2021 | 31-03-2022 |
| ശ്രീമതി.ജയലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ബിനു | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്നേഹ.എസ്.മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശശികല | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.പ്രസന്നകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-05-2021 |

| | | | |
|---|---|---|---|
| ഡോ.അപ്സര.എസ് | വെറ്റിനറി സർജൻ | 01-06-2021 | 13-06-2021 |
| ഡോ.ആര്യ.എസ്.എസ് | വെറ്റിനറി സർജൻ | 14-06-2021 | 31-03-2022 |
| ശ്രീ.ബിനീഷ്. | വി.ഇ.ഒവെളിയം സർക്കിൾ | 01-04-2021 | 23-09-2021 |
| ശ്രീ.സുജിത്ത്കുമാർ.എസ്.വി | വി.ഇ.ഒ(വെളിയം സർക്കിൾ) | 24-09-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത് | വി.ഇ.ഒ(ഓടനാവട്ടം സർക്കിൾ) | 01-04-2021 | 12-08-2021 |
| ശ്രീ.ശ്രീകുമാർ.വി.ജി | വി.ഇ.ഒ(ഓടനാവട്ടം സർക്കിൾ) | 10-09-2021 | 31-03-2022 |
| ശ്രീമതി തസ്നീമ ബീഗം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി. | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 14 | സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. | 1-12 |
| 15 | തൊഴിൽനികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല. | 1-13 |
| 16 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-14 |
| 17 | ലേലം ഉറപ്പിച്ച വ്യക്തികളി**ൽ** നിന്ന് ജി.എസ്.ടി. ഈടാക്കുന്നില്ല | 1-15 |
| 18 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്, നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 19 | തുറവൂർ-വാപ്പാല, കളപ്പില ചിക്കുർ കുടിവെള്ള പദ്ധതിക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ, പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 15,00,000/-രൂപാ തടസ്സപ്പെടുത്തുന്നു | 1-17 |
| 20 | വെള്ളക്കരം അടവാക്കൽ, വെള്ളക്കരം യഥാസമയം ഒടുക്കു വരുത്തുന്നില്ല, | 1-18 |
| 21 | തുമ്പൂർമുഴി മോഡൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ (129/22), മുൻകൂർ കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല, 5,79,967/-രൂപാ തടസ്സപ്പെടുത്തുന്നു. | 1-19 |
| 22 | നെയിം ബോർഡ് സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷനുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് നൽകി | 1-20 |
| 23 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 24 | അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, 4,00,000/- രൂപാ തടസ്സപ്പെടുത്തുന്നു | 1-22 |
| 25 | അഗ്രോ സർവ്വീസ് സെന്റർ വൈദ്യുതീകരണം, ഗ്രാമ പഞ്ചായത്ത് ലൈബ്രറി | 1-23 |

| | | |
|---|---|---|
| | ഹാൾ വൈദ്യുതീകരണം - അധികം തുക നല്കി | |
| 26 | കുന്നിൽ മാടൻവിള റോഡ് സൈഡ് കെട്ട് (158/22) - പ്രവൃത്തിയിൽ അധികം തുക നല്കി | 1-24 |
| 27 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫാറവില തനതുഫണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യിട്ടില്ല | 1-25 |
| 28 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ - തുക നൽകിയിട്ടും മരുന്നു ലഭ്യമായില്ല | 1-26 |
| 29 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. - മരുന്നു വാങ്ങാനായി തുക നൽകിയെങ്കിലും മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-27 |
| 30 | പാലിന് സബ്സിഡി - അർഹമായതിലും അധികം തുക നൽകി | 1-28 |
| 31 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി | 1-29 |
| 32 | കാലിത്തീറ്റ സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-30 |
| 33 | തുടർവിദ്യാഭ്യാസം - അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി | 1-31 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-32 |
| 35 | EMD തിരിച്ചുനൽകിയതിന്റെ ഒറിജിനൽ രസീത് ഹാജരാക്കിയിട്ടില്ല | 1-33 |
| 36 | മണികണ്ഠേശ്വരം -പള്ളിക്കുന്നുംപുറം ചരുവിൽറോഡ് പുനരുദ്ധാരണം - പ്രവൃത്തിയിൽ അധികം തുക നല്കി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഈടാക്കി | 1-34 |
| 37 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 3,50,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 38 | വെളിയം, ഓടനാവട്ടം സാംസ്കാരിക നിലയങ്ങളിൽ മൈക്ക് വാങ്ങൽ - വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നു. | 1-36 |
| 39 | എഫ് എച്ച് സി നവീകരണം - എഫ് എച്ച് സി ക്കായി വാങ്ങിയ ഫർണീച്ചറുകൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാലളവിലും അധികം തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

21/02/2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 7/2/22 തീയതിയിലെ4(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 25.4.2022 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1. ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള B-12 1,000/- രൂപ ഇൻവെസ്റ്റ്മെന്റ് ഇക്വിറ്റി ഷെയേഴ്സ് ഒറിജിനൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഷെയർ സർട്ടിഫിക്കറ്റിന്റെ കോപ്പി മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്.

2. ജോയിന്റ് വെഞ്ച്വർ - ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുപ്രകാരം | ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് പ്രകാരം |
|---|---|
| OB- 2,50,127/-രൂപ | 0 |
| CB - 2,50,127/-രൂപ | 0 |

3. സി.എഫ്.സി ഫണ്ടിന്റെ ചെലവ് വാർഷിക കണക്കുകൾ പ്രകാരം 97,93,917/- രൂപയും സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം 99,86,807/- രൂപയും ആണ്. ജേണൽ എൻട്രി വഴി ആയത് ഇൻകം ആന്റ് എക്സ്പെഡിച്ചർ സ്റ്റേറ്റ്മെന്റിലേക്ക് ചേർത്തെങ്കിലും റസീപ്റ്റ് ആന്റ് പേയ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

5. വികസനഫണ്ട് ജനറൽ വാർഷികകണക്കുകളും എ.സി.ആറും തമ്മിൽ 12,20,981/- രൂപയുടെ വ്യത്യാസം ഉണ്ട്.

6. ബാലൻസ്ഷീറ്റ് B-18 ഉൾപ്പെട്ടിട്ടുള്ളതും വർഷങ്ങളായി ഡെപ്പോസിറ്റ് / അഡ്വാൻസായി നിലനിൽക്കുന്നതുമായ ചുവടെ ചേർക്കുന്നവയുടെ നിലവിലെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Deposit With Kerala Water Authority - 15,10,135/-രൂപ (2016-17 മുതൽ)

Deposit With PWD - 12,000/-രൂപ (2013 മുതൽ)

Advance To Implimenting Officers - 1,26,063/-രൂപ

Other Deposits - 2,845/-രൂപ (2014 മുതൽ)

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,34,26,807/-രൂപ |
| വരവ് | 12,12,63,521/-രൂപ |
| ആകെ | 13,46,90,328/-രൂപ |
| ചെലവ് | 11,47,34,952/-രൂപ |
| നീക്കിയിരിപ്പ് | 1,99,55,376/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം | 6,406/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,30,039/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,09,90,815/- | 2,09,90,815/- | 2,09,25,588/- | 65,227/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,27,03,000/- | 1,27,03,000/- | 1,15,85,908/- | 17,86,895/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 15,600/- | 15,600/- | 0 | 15,600/- |
| മെയിന്റനൻസ്, റോഡ് | 0 | 1,21,34,711/- | 1,21,34,711/- | 1,04,10,914/- | 17,23,797/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 80,32,356/- | 80,32,356/- | 65,27,813/- | 15,04,543/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(basic Grant ) | 0 | 5,07,507/- | 5,07,507/- | 3,03,257/- | 2,04,240/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Performance Grant) | 0 | 65,04,900/- | 65,04,900/- | 59,45,327/- | 10,59,573/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 55,08,000/- | 55,08,000/- | 3,26,802/- | 51,81,198/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 37,43,130/- | 37,43,130/- | 37,18,531/- | 24,599/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 35,513 | 14,36,497/- | 14,72,010/- | 14,72,009/- | 1/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| Grant From Other Agencies | 19,25,550/- | 49,73,149/- | 68,98,699/- | 68,82,912/- | 15,787/- |
| ICDS | 18,73,204/- | 10,26,219/- | 28,99,423/- | 17,50,079/- | 11,49,344/- |
| TSC | 17,66,893/- | 51,300/- | 18,18,193/- | 5,79,967/- | 12,38,226/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| Life State Share | 62,082/- | 0 | 62,082/- | 0 | 62,082/- |
| മുരളി സ്മാരകം | 35,85,541/- | 0 | 35,85,541/- | 30,70,518/- | 5,15,023/- |
| ശുചിത്വമിഷൻ | 32,23,572/- | 11,90,000/- | 44,13,572/- | 18,76,726/- | 25,36,846/- |
| Library Grant | 3,052/- | 12,910/- | 15,962/- | 15,962/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 17,63,89,252/- | 120 | 8,71,78,086/- | 50 | 16 | 64 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 35,513/- | 14,36,497/- | 14,72,010/- | 14,72,009/- | 1/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 7,15,44,908/- | 7,15,44,908/- | 7,15,44,908/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 23,400/- |
| കർഷകതൊഴിലാളി പെൻഷൻ | 21,39,000/- |
| വിധവാ പെൻഷൻ | 2,43,18,400/- |
| വാർദ്ധക്യകാല പെൻഷൻ | 3,92,81,500/- |
| വികലാംഗ പെൻഷൻ | 74,85,300/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 8,01,600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 4,50,000/- |

## 1-7-1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി.

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ, 8-2-2021ലെ 14/21/ധന എന്നീ സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റിയ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പി.പി.ഒ. നമ്പർ | പെൻഷൻ ഐ.ഡി. | അനർഹമായി കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|
| 1 | കെ ലീല, കിഴക്കേവിള വടക്കേതിൽ | 141361763 | 10337201134 | 40,500/- |
| 2 | ആനന്ദവല്ലി, കിടങ്ങിൽ | 23039703 | 103370201418 | 43,800/- |
| 3 | രാധാമണി, രാജേഷ്ഭവൻ | KO13968/AP | 103370600283 | 71,500/- |
| 4 | പൊന്നമ്മ കൊച്ചുകുഞ്ഞ്, ബിനു സദനം | 28022404 | 103370600883 | 42,600/- |
| 5 | ചിന്നക്കുട്ടി, ഇടപ്പാംകോണത്ത് പാറവിള വീട് | 28134704 PTSB3418 | 103370601424 | 57,800/- |
| 6 | ശാന്തമ്മ, കോണത്തുപുത്തൻവീട് | KTR7095 | 103370601889 | 34,600/- |
| 7 | രാജമ്മ, പൊയ്കവിളവീട് | KTR7001 | 103370203438 | 6,700/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (നം.15/17.10.22) ടി ഗുണഭോക്താക്കൾ തുക ഒടുക്കുവരുത്തുന്ന മുറയ്ക്ക് വിവരമറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2022 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7,581/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2) പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3) വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4) വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

5) എല്ലാ ചെലവുകളും ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

6) പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വന്നിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5/8/2022 | 4/22 മുതൽ 6/22 വരെ | 5/8/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/8/2018 മുതൽ 30/9/2018 വരെ | 13-14 മുതൽ 17-18 വരെ | |

1-11 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

(A) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുട്ടറ ക്ഷീരോൽപാദക സഹകരണസംഘം | I&II |
| 2 | വെളിയം ക്ഷീരോൽപാദക സഹകരണസംഘം | I&II |
| 3 | വെളിയം പടിഞ്ഞാറ്റിൻകര ക്ഷീരോൽപാദക സഹകരണസംഘം | I&II |
| 4 | പഞ്ചായത്ത് പരിധിയിലെ വിവിധ റേഷൻ കടകൾ | I&II |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(B) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, ഓടനാവട്ടം | II |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ്, വെളിയം | I&II |

| | | |
|---|---|---|
| 3 | യോഗക്ഷേമ ഹോസ്പിറ്റൽ | I&II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-1/17-10-22

1-12 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് ഫീസ് ഒടുക്കി ലൈസൻസ് എടുത്തിട്ടില്ല.

| ക്രമനം | വാർഡ് നം./കെട്ടിട നം. | സ്ഥാപനം നടത്തുന്ന വ്യക്തി | നടത്തുന്ന സ്ഥാപനം |
|---|---|---|---|
| 1 | XIX/686 | അഞ്ജുകൃഷ്ണൻ | സ്റ്റേഷനറി |
| 2 | XIX/265 | ലിഷ് കുമാർ | സ്റ്റീൽ ഫാബ്രിക്കേഷൻ |
| 3 | II/91 | മധുസൂദനൻ നായർ | സ്റ്റേഷനറി |
| 4 | VII/424 | മനു സി നായർ | കാലിത്തീറ്റ വില്പന |
| 5 | V/803 | ജി ചന്ദ്രശേഖരപിള്ള | സ്റ്റേഷനറി |
| 6 | XV/823<br>203 | ഷിഹാബുദ്ദീൻ | പച്ചക്കറി വില്പന |
| 7 | XIV/500 | പി ലതിക | കാർഷിക ഉൽപ്പന്നങ്ങൾ വില്പന |
| 8 | XVI/707 | ശേഖരൻപിള്ള | പലചരക്ക് വ്യാപാരം |
| 9 | XVII/636 | ശ്യാംകുമാർ | സ്റ്റേഷനറി |

ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് ചട്ടം 232(1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നും അപ്രകാരം ചെയ്തുവെങ്കിൽ ചട്ടം 243(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ ഇതിന്മേൽ തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-2/17-10-22

1-13 തൊഴിൽനികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല.

2021-22 വർഷം ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും നിശ്ചിത തീയതിയ്ക്കു ശേഷം ഒടുക്കിയിട്ടുണ്ട്. ആയതിന്റെ പിഴപ്പലിശ ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | ഒടുക്കിയ തുക (₹) | രസീത് നം./ തീയതി | പിഴപ്പലിശയിനത്തിൽ ഈടാക്കേണ്ട തുക (₹) |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി, വെളിയം | 41,250/-<br>1,250/- | 121010500032/28.12.21 | 1,275/- |
| 2 | ജി.എച്ച്.എസ്സ്.എസ്സ്, മുട്ടറ | 15,000/- | 1220000236/13.10.22 | 1,950/- |
| | ആകെ | | | 3,225/- |

പിഴപ്പലിശ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ടി സ്ഥാപനങ്ങൾക്ക് പിഴപ്പലിശ അടയ്ക്കുന്നതിനുള്ള അറിയിപ്പ് നൽകി ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209(ഇ) പ്രകാരം ഈ ആക്ടിലെയോ അതിനു കീഴിലുണ്ടായ ചട്ടങ്ങളിലെയോ ബൈലാകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അതു നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അതു നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ സഹിതം

ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-1/17-10-22

1-14 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

ശ്രീ. ഗോപിനാഥൻപിള്ള, കൊട്ടേക്കാട്ട് വീട് എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനായുള്ള അപേക്ഷ പ്രകാരം $50m^2$ (ഇതരവ്യവസായം-സർവ്വീസ് സ്റ്റേഷൻ) കെട്ടിടത്തിന് 50/- രൂപ നിരക്കിൽ വർദ്ധനവും ഇളവുകളും വരുത്തി 2,363/- രൂപ (2250+113) വസ്തുനികുതി നിർണ്ണയിച്ച് നമ്പറിംഗ് നൽകിയിട്ടുണ്ട്. എ4-6882/2021 പ്രകാരമുള്ള അപേക്ഷ, പ്ലാൻ എന്നിവ പരിശോധിച്ചതിൽ നിലവിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (XVII/321) തറവിസ്തീർണ്ണം $182m^2$ ആണ്. എന്നാൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ (ഫോറം-6) പരിശോധിച്ചതിൽ $182m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ $87.2m^2$ ന മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ശേഷിക്കുന്ന $94.8m^2$ ന് നികുതി നിർണ്ണയിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കെട്ടിടനിർമ്മാണ പെർമിറ്റ് എടുക്കാതെയും നികുതി നിർണ്ണയിക്കാതെയുമുള്ള കെട്ടിടമാണെങ്കിൽ ആയത് റെഗുലറൈസ് ചെയ്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 358 /15 തസ്വഭവ തീയതി 16.12.2015 പ്രകാരം വസ്തുനികുതി പരിഷ്കരണത്തിനു ശേഷം കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പുതിയ കെട്ടിടമായി പരിഗണിച്ച് കൂട്ടിച്ചേർത്ത ഭാഗത്തിനു പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുടർ നടപടി അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം . 16/17.10.22

1-15 ലേലം ഉറപ്പിച്ച വ്യക്തികളിൽ നിന്ന് ജി.എസ്.ടി. ഈടാക്കുന്നില്ല

2021-22 വർഷത്തെ ലേല രജിസ്റ്ററും ലേല ഡയറിയും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള ഓടനാവട്ടം, വെളിയം മാർക്കറ്റുകളിൽ ഇറച്ചി വ്യാപാരം നടത്താനുള്ള അവകാശത്തിനായി നടന്ന ലേലത്തിൽ ലേലം ഉറപ്പിച്ച വ്യക്തിയിൽ നിന്ന് ലേല തുകയുടെ 18% ജി. എസ്. ടി. ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഇറച്ചി വ്യാപാരം നടത്തുന്ന സ്റ്റാളുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ലാത്തതിനാലാണ് ജി.എസ്.ടി. ഈടാക്കാഞ്ഞത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. തുടർ വർഷങ്ങളിൽ ലേല തുകയോടൊപ്പം ജി.എസ്.ടി. കൂടി ഈടാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 9/17-10-22

1-16 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്, നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (88/22))

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക-3,00,000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

31-08-2018 ലെ സ.ഉ.(സാധാ) 2330/2018/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാമെന്നുള്ള ഉത്തരവുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ എൽ.ഇ.ഡി. ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവുവിളക്ക് പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിന്റെ 10-08-2021 ലെ

പ്രൊഫോർമ ഇൻവോയിസ് പ്രകാരം 600 എണ്ണം 23 വാട്ട്സ് എൽ.ഇ.ഡി. ലൈറ്റുകൾ വാങ്ങി. ടി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുള്ളത് പോളികാബ് ബ്രാൻഡ് ആണ്. ഫയൽ പരിശോധിച്ചതിൽ തെരുവുവിളക്ക് മെയിന്റനൻസിനു വേണ്ടി വിതരണം ചെയ്ത എൽ.ഇ.ഡി. പോളികാബ് ബ്രാൻഡ് ലൈറ്റുകൾ തകരാറുള്ളതിനാൽ വിതരണം ചെയ്ത ലൈറ്റുകൾ തിരിച്ചെടുക്കുകയും പകരം എൽ.ഇ.ഡി. ലൈറ്റുകൾ (ക്രോംപ്ടൺ) വിതരണം നടത്തുകയും ചെയ്തതായി കാണുന്നു.

സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാമെന്നുള്ള ഉത്തരവിന്റെ മറവിൽ വൻകിട കമ്പനികളുടെ ഉപകരണങ്ങൾ വിതരണം ചെയ്യുക, ഗുണനിലവാരമില്ലാത്ത ഉപകരണങ്ങൾ വിതരണം ചെയ്യുക തുടങ്ങി ഗുരുതരമായ തെറ്റുകളാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ചെയ്തിരിക്കുന്നത്. വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായില്ല. അനിവാര്യ ചുമതലയായ തെരുവു വിളക്ക് പരിപാലനത്തിന് ഗുണമേന്മയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരവീഴ്ചയായി കണക്കാക്കുന്നു. വിഷയങ്ങൾ സംബന്ധമായി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5, തീയതി 17-10-2022) ഐ.എസ്.ഒ. മുദ്രയോടു കൂടിയതും, പേരുകേട്ട കമ്പനികളുടെ എൽ.ഇ.ഡി. ലൈറ്റുകളായതിനാലും ആണ് മറ്റു ഗുണനിലവാര പരിശോധനകൾ നടത്താതിരുന്നതെന്നും മറുപടി ലഭ്യമാക്കി. ക്രമവിരുദ്ധമായ വാങ്ങൽ നടത്തിയതിനാലും, കേടു വന്ന ഉപകരണങ്ങൾ യഥാസമയം മാറ്റി സ്ഥാപിക്കാത്തതിനാലും ചെലവഴിച്ച 2,80,280/-രൂപ (എ.സി.ആർ. ബിൽ നം. 87 തീയതി 30.12.2021) തടസ്സപ്പെടുത്തുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയും, തുടർനടപടികളുടെ വിശദീകരണം ലഭ്യമാക്കിയും തടസ്സം ഒഴിവാക്കണം.

തടസ്സം – 2,80,280/-രൂപ

ഓഡിറ്റ് അന്വേഷണം- നം-05, തീയതി 17-10-2022

**1-17 തുറവൂർ-വാപ്പാല, കളപ്പില ചിക്കൂർ കുടിവെള്ള പദ്ധതിക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ, പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 15,00,000/-രൂപാ തടസ്സപ്പെടുത്തുന്നു**

പ്രോജക്ട് : തുറവൂർ-വാപ്പാല, കളപ്പില ചിക്കൂർ കുടിവെള്ള പദ്ധതിക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ (200/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക - 14,30,000/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിലെ 01-01-2022 ലെ കത്തുപ്രകാരം തുറവൂർ-വാപ്പാല, കളപ്പില ചിക്കൂർ കുടിവെള്ള പദ്ധതിക്ക് 0.5 എം ഡി ശേഷിയുള്ള പ്രഷർ ഫിൽട്ടർ സ്ഥാപിക്കുന്നതിന് 14,30,000/- രൂപായുടെ എസ്റ്റിമേറ്റ് നല്കുകയും, ഇതിൻപ്രകാരം 14,30,000/- രൂപാ (ബിൽ നം 60, 11-02-2022) ഒടുക്കു വരുത്തുകയും ചെയ്തു. തുടർന്ന് 17-01-2022 ലെ ഇതേ സ്ഥാപനത്തിന്റെ കത്തിൽ ജി.എസ്.ടി. 12%ത്തിൽ നിന്ന് 18% ആയി ഉയർന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് 15,00,000/- രൂപയായി ഉയർന്നിട്ടുണ്ടെന്നും ബാക്കി തുകയായ 70,000/- രൂപാ കൂടി ഒടുക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്നും അറിയിച്ചു. ഇതിൻ പ്രകാരം 70,000/- രൂപാ കൂടി (ചെക്ക് നം 585133, തീയതി 02-03-2022) ഒടുക്കു വരുത്തി. ഇതു പ്രകാരം ആകെ ഒടുക്കു വരുത്തിയ തുക 15,00,000/- രൂപ. തുടർന്ന് ഫയൽ പരിശോധിച്ചതിൽ ടി സ്ഥാപനത്തിന്റെ തന്നെ 04-07-2022 ലെ കത്തിൽ ജലത്തിന്റെ സാമ്പിൾ പരിശോധിച്ചതിൽ പരിധിക്ക് മുകളിൽ ഇരുമ്പിന്റെ അംശം കണ്ടെത്തിയതിനാൽ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ പ്രഷർഫിൽട്ടർ മതിയാകുകയില്ലെന്നും അയൺ റിമൂവൽ യൂണിറ്റ് സ്ഥാപിക്കേണ്ടതാണെന്നും അതിനാൽ എസ്റ്റിമേറ്റ് തുക 22,78,400/- രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നും ബാക്കി തുകയായി 7,78,400/- രൂപാ കൂടി

അടയ്ക്കേണ്ടതാണെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്ത് കമ്മറ്റി 15-07-2022 ൽ 1(1) ആയി എടുത്ത തീരുമാനപ്രകാരം അധികതുക ഒടുക്കു വരുത്തുവാൻ കഴിയുകയില്ലെന്നും, ഒടുക്കു വരുത്തിയ തുക ഉപയോഗിച്ച് ഉറവൂർ-വാപ്പാല കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി മാത്രം നടത്തുവാനും ബാക്കി തുക തിരികെ നല്കുവാനും നിർദ്ദേശിച്ചു. ഇതിൻപ്രകാരം സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകി.

ചെക്ക് നം 585133, തീയതി 02-03-2022 പ്രകാരം ഒടുക്കുവരുത്തിയിട്ടുള്ളത് ഏതു ഫണ്ടിലെ തുകയാണ് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. കൂടാതെ ടി ചെലവ് സുലേഖാ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-05 തീയതി 17-10-2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും, 2010-11 ൽ മാലയിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയ തുകയിൽ മിച്ചം വന്ന തുക ഗ്രാമപഞ്ചായത്തിൽ തിരികെ തന്നിട്ടുള്ളതിൽ നിന്നാണ് 70,000/- രൂപാ അടവാക്കിയിട്ടുള്ളതെന്നും പദ്ധതി ഭേദഗതി അവസാനിച്ചതിനാൽ തുക സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 15,00,000/- രൂപാ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-15,00,000/-രൂപ

ഓഡിറ്റ് അന്വേഷണം നം. 05 തീയതി 17-10-2022.

1-18 വെള്ളക്കരം അടവാക്കൽ, വെള്ളക്കരം യഥാസമയം ഒടുക്കു വരുത്തുന്നില്ല,

പ്രോജക്ട് - വെള്ളക്കരം അടവാക്കൽ (28/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക-90,000/-രൂപ (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

വെളിയം ഗ്രാമ പഞ്ചായത്തിൽ 61 പൊതു ടാപ്പുകളാണ് ഉള്ളത്. ഇതിന്റെ പ്രതിമാസ വെള്ളക്കരം 28,024/- രൂപയാണ്. ടി തുക അതാത് മാസം കൃത്യമായി ഒടുക്കിവരുന്നില്ല. ആയതിനാൽ കുടിശ്ശിക / പിഴപ്പലിശ ഉൾപ്പെട്ട ബില്ലാണ് വാട്ടർ അതോറിറ്റി നല്കിവരുന്നത്. പ്രതിമാസ തുക കണക്കാക്കിയാണ് തുക ഒടുക്കിവരുന്നതെങ്കിലും ബില്ലിൽ കുടിശ്ശിക, പിഴ എന്നിവ ഉൾപ്പെടുന്നു. 2022 മാർച്ച് മാസത്തിലെ ബിൽ താഴെ കൊടുത്തിരിക്കും പ്രകാരമാണ്. (ബിൽ നം. 61383, തീയതി 09-03-2022).

| | |
|---|---|
| മുന്നിരുപ്പ് | 20,238/-രൂപ |
| പിഴ | 365/-രൂപ |
| തന്മാസ തുക | 28,024/-രൂപ |
| ആകെ | 48,628/-രൂപ |

കുടിശ്ശിക തുകയായി കേരളാ വാട്ടർ അതോറിറ്റിയുടെ ബില്ലിൽ ഉൾപ്പെടുന്ന തുക സംരക്ഷണ ഗ്രാന്റ്, റോഡിതരം അനുവദിക്കുമ്പോൾ ഉറവിടത്തിൽ കുറവുവരുത്താനുള്ള സാദ്ധ്യത ഉണ്ട്. മതിയായ തുക (തനത്ഫണ്ട്/സംരക്ഷണ ഗ്രാന്റ്, റോഡിതരം) ഉണ്ടായിട്ടും വെള്ളക്കരം യഥാസമയം ഒടുക്കു വരുത്താതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-06, 17-10-2022) വെള്ളക്കര ഡിമാന്റ് ലഭ്യമാകുന്ന മുറയ്ക്ക് തന്നെ തുക ഒടുക്കി വരുന്നുണ്ടെന്ന മറുപടി ലഭ്യമാക്കി. യഥാസമയം വെള്ളക്കരം ഒടുക്കുവരുത്തി പിഴ പലിശ ഒടുക്കുവരുത്തേണ്ട സാഹചര്യം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 06 തീയതി 17-10-2022

1-19 തുമ്പൂർമുഴി മോഡൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ (129/22), മുൻകൂർ കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല, 5,79,967/-രൂപാ തടസ്സപ്പെടുത്തുന്നു.

തുമ്പൂർമുഴി മോഡൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ (129/22)

അടങ്കൽ തുക - 14,81,799/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)

വെളിയം ഗ്രാമ പഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന 6 സ്കൂളുകളിൽ 2 ബിൻ തുമ്പൂർമുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ കൊല്ലവുമായി 02-06-2021 ൽ കരാറിൽ ഏർപ്പെട്ടു.

| | |
|---|---|
| 1 | വെൽഫയർ യു പി എസ്, വെളിയം |
| 2 | എൽ പി ജി എസ്, പോങ്ങോട് |
| 3 | എൽ പി ജി എസ്, വെളിയം വെസ്റ്റ് |
| 4 | എൽ പി ജി എസ്, ചെപ്ര |
| 5 | എൽ പി ജി എസ്, കളപ്പില |
| 6 | എൽ പി ജി എസ്, ഓടനാവട്ടം |

കരാറിലെ വ്യവസ്ഥ 3 പ്രകാരം ഉടമ്പടിയിൽ ഏർപ്പെട്ടുകഴിഞ്ഞാൽ നല്കേണ്ട തുകയുടെ 20% തുക മുൻകൂറായി നല്കണം. ടി തുകയുടെ 90% വിനിയോഗിച്ച് കഴിഞ്ഞാൽ അടുത്ത ഗഡു നല്കണം. 5 ഗഡുക്കളായാണ് തുക നല്കേണ്ടത്. പദ്ധതി പൂർത്തിയാക്കിയതിനുശേഷം പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അഞ്ചാമത്തെ ഗഡു 20% തുക നല്കേണ്ടത്. കരാറിലെ വ്യവസ്ഥ 1 പ്രകാരം മുൻകൂറും സ്ഥലവും കൈമാറുന്ന മുറയ്ക്ക് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

സാങ്കേതികാനുമതി ലഭിച്ച 14,49,918/- രൂപായുടെ 20% തുകയായ 2,89,983/- രൂപാ 02-07-2021 ൽ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ കൊല്ലത്തിനു നല്കി. ഇതു പ്രകാരം 01-01-2022 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനത്തിന് വീണ്ടും 08-11-2021 ൽ 2,89,984/- രൂപാ നല്കിയിട്ടുണ്ട്. പൂർത്തീകരണ വിവരം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-06, 17-09-2022) കോവിഡ് പ്രതിസന്ധി മൂലം യഥാസമയം നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ ചെലവഴിച്ച 5,79,967/- രൂപാ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-5,79,967/-രൂപ.

ഓഡിറ്റ് അന്വേഷണം- നം. 06, തീ. 17-10-2022

## 1-20 നെയിം ബോർഡ് സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷനുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് നൽകി

IEC പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക്ക് മാലിന്യ വിമുക്ത ബോർഡുകൾ സ്ഥാപിക്കുക, സ്വന്തമായി കെട്ടിടങ്ങളുള്ള അങ്കണവാടികൾക്ക് ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കുക എന്നിവയ്ക്കായി ബോർഡുകൾ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് നൽകിയ ഡി.കെ. ആർട്സ്, ഓടനാവട്ടം,കട്ടയിൽ വാർഡ് എന്ന സ്ഥാപനത്തിന് ലൈസൻസില്ല.

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1. IEC പ്രവർത്തനങ്ങൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| പദ്ധതി, നം | 171/22, IEC പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | 50,000/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് തുക | 42,000/-രൂപ (ചെക്ക് നം. 503619/16.11.2021) |

പ്ലാസ്റ്റിക്ക് മാലിന്യ വിമുക്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ

നിരക്ക് ക്വാട്ട് ചെയ്ത് ക്വട്ടേഷൻ അംഗീകരിച്ച് നൽകി. 15 ബോർഡുകൾ സ്ഥാപിക്കുന്നതിനായി ബോർഡൊന്നിന് 2,800/- രൂപ നിരക്കിൽ 42,000/- രൂപ ചെലവഴിച്ചു.

2. വൗച്ചറുകൾ പരിശോധിച്ചതിൽ സ്വന്തമായി കെട്ടിടങ്ങളുള്ള അങ്കണവാടികൾക്ക് ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കുക - 17 ബോർഡുകൾ സ്ഥാപിക്കുന്നതിനായി ബോർഡൊന്നിന് 3,000/- രൂപ നിരക്കിൽ 51,000/- രൂപയും ചെലവഴിച്ചു (ചെക്ക് നം. 503715/13.12.21).

ഗ്രാമ പഞ്ചായത്തിലെ സ്ഥാപനമായ ഡി.കെ. ആർട്സ്, ഓടനാവട്ടം, കട്ടയിൽ വാർഡ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത് ടി സ്ഥാപനത്തിന് ലൈസൻസ് എടുക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -4/17.10.22

## 1-21 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി : പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി (154/22).
അടങ്കൽ : 14,76,104/-രൂപ. (വികസനഫണ്ട്-എസ്.സി.പി.)
ചെലവ് : 10,16,184/-രൂപ.

(ബിൽ നം. 6/25.10.2021, 1,45,883/-രൂപ
ബിൽ നം. 2/04.10.2021, 3,24,000/-രൂപ
ബിൽ നം. 4/13.10.2021, 90,301/-രൂപ
ബിൽ നം. 16/22.02.2022, 60,000/-രൂപ
ബിൽ നം. 18/08.03.2022, 40,000/-രൂപ
ബിൽ നം. 20/17.03.2022, 20,000/-രൂപ
ബിൽ നം. 28/25.03.2022, 41,000/-രൂപ
ബിൽ നം. 31/31.03.2022, 25,000/-രൂപ
ബിൽ നം. 8/05.11.2021, 1,20,000/-രൂപ
ബിൽ നം. 10/13.11.2021, 40,000/-രൂപ
ബിൽ നം. 12/21.11.2021, 1,10,000/-രൂപ)

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ അസി. സെക്രട്ടറി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ 3 പേർ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പഠനമുറി പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപയാണ് പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്.

തുകകൾ കൈപ്പറ്റി നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | പഠനമുറിയ്ക്കായി കൈപ്പറ്റിയ തുകയുടെ വിവരം (₹) | റിമാർക്സ് |
|---|---|---|
| വിഷ്ണു ബി, പാറശ്ശേരി വീട്, വാർഡ് 12 | 90,000/-<br>(ബിൽ നം. 2/04.10.2021) | പഠനമുറി പൂർത്തീകരിച്ചിട്ടില്ല. |
| സിന്ധു എസ്, മഠത്തിൽ മേലതിൽ, വാർഡ് 12 | 96,000/-<br>(ബിൽ നം. 8/05.11.2021) | ” |
| വിനയൻ, റോഡുവിള വീട്, വാർഡ് 8 | 80,000/-<br>(ബിൽ നം. 2/04.10.2021) | ” |

പഠനമുറി പൂർത്തീകരിപ്പിക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ ഗുണഭോക്താക്കൾ ഉടൻതന്നെ പണി പൂർത്തീകരിക്കുന്നതാണെന്നും എ.ഇ.-യുടെ വാല്യുവേഷൻ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 3/17.10.22

## 1-22 അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, 4,00,000/- രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെക്കൊടുത്തിരിക്കുന്ന അങ്കണവാടികളുടെ നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ ലഭിച്ച തുകകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

1) കളപ്പിലാ അങ്കണവാടി കെട്ടിട നിർമ്മാണം (132/22).

ബിൽ നം. 37, തീ 27-10-2021 പ്രകാരം 2,00,000/-രൂപാ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നല്കി. മുൻവർഷത്തിൽ 4,50,000/-രൂപയും ടി പ്രോജക്ടിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

2) കലയ്ക്കോട് അങ്കണവാടി കെട്ടിട നിർമ്മാണം (131/22).

ബിൽ നം. 36, തീ 27-10-2021 പ്രകാരം 2,00,000/-രൂപ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നല്കി. മുൻവർഷത്തിൽ 5,00,000/-രൂപയും ടി പ്രോജക്ടിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 17-10-2022 ൽ (നം-06) ഓഡിറ്റ് അന്വേഷണം നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന് മറുപടി നല്കി. പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച 4,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-4,00,000/-രൂപ.

ഓഡിറ്റ് അന്വേഷണം നം. - 06 തീ. 17-10-2022.

## 1-23 അഗ്രോ സർവ്വീസ് സെന്റർ വൈദ്യുതീകരണം, ഗ്രാമ പഞ്ചായത്ത് ലൈബ്രറി ഹാൾ വൈദ്യുതീകരണം - അധികം തുക നല്കി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വൈദ്യുതീകരണ പ്രോജക്ടുകളുടെ പരിശോധനയിൽ താഴെ കൊടുത്തിരിക്കും പ്രകാരം അധികം തുക നൽകിയതായി കണ്ടു.

1) പ്രോജക്ട്- അഗ്രോ സർവ്വീസ് സെന്റർ വൈദ്യുതീകരണം (150/22)

അടങ്കൽ തുക – 40,500/-രൂപ (വികസന ഫണ്ട്)

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 38,862/-രൂപ |
| സൂപ്പർവിഷൻ ചാർജ്ജ് 3% | 1,166/-രൂപ |
| ചെക്ക് മെഷർമെന്റ് ചാർജ്ജ് | 389/-രൂപ |
| കണ്ടിജൻസി ചെലവ് | 83/-രൂപ |
| ആകെ | 40,500/-രൂപ |

പഞ്ചായത്ത് കമ്മറ്റിയുടെ 19-10-20 ലെ 1(1) നം തീരുമാനപ്രകാരം അനീഷ് ദാനിയേൽ എന്ന വ്യക്തിയുടെ 38,500/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചു. ടി പ്രവൃത്തിക്കായി അന്തിമ ബിൽ കണക്കാക്കി താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചു (ബിൽ നം 46, തീയതി 23-11-2021).

| | |
|---|---|
| കരാറുകാരന് നല്കിയ തുക | 38,500/-രൂപ |
| സൂപ്പർവിഷൻ ചാർജ്ജ് 3% | 1,166/-രൂപ |
| ചെക്ക് മെഷർമെന്റ് ചാർജ്ജ് | 389/-രൂപ |
| ആകെ | 40,055/-രൂപ |

